കോഴിക്കോട് വികസന അതോറിറ്റി

കണ്ണൂർ വികസന അതോറിറ്റി

കാസർഗോഡ് വികസന അതോറിറ്റി

ഗോശ്രീ ദ്വീപ് വികസന അതോറിറ്റി

(ബി) 20.12.99 ലെ സർക്കാർ ഉത്തരവ് എം.എസ്. നമ്പർ 251/99/തസ്വ ഭവ പ്രകാരം 4 വികസന അതോറിറ്റികൾ 31.12.99 മുതൽ പിരിച്ചുവിടാൻ ഉത്തരവായിട്ടുണ്ട്.

(സി) കോട്ടയം, ആലപ്പുഴ, കണ്ണൂർ, കാസർഗോഡ്

(ഡി) ഇടുക്കി വികസന അതോറിറ്റി ഒഴിച്ച് ബാക്കിയുള്ളവയെല്ലാം നഗരങ്ങളെ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. ഇടുക്കി വികസന അതോറിറ്റി തൽക്കാലം പിരിച്ചുവിടുന്നില്ല.

(ഇ) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് ഏൽപ്പിക്കുന്നത്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

(ജി) ശമ്പളം കുടിശ്ശിക ഇല്ല. എന്നാൽ ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള കുടിശ്ശിക 1.3.97 മുതൽ ചില ജീവനക്കാർക്ക് കൊടുത്തുതീർക്കുവാനുണ്ട്.

(എച്ച്) ഇത് എത്രയും പെട്ടെന്ന് കൊടുത്തുതീർക്കുന്നതാണ്.

341 (1534) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആഡിറ്റ്

ശ്രീ. ബി. വിജയകുമാർ :
ശ്രീ. എ.കെ. മണി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷവും നടത്തിയ ചെലവ് സംബന്ധിച്ച കണക്കുകൾ ഓഡിറ്റിനുവേണ്ടി സമാഹരിക്കേണ്ട അവസാന തീയതി എന്നാണ്;

(ബി) ഈ കണക്കുകൾ ഏതു തീയതിക്കുമുമ്പാണ് ഓഡിറ്റ് ചെയ്യേണ്ടത്;

(സി) ഇപ്പോൾ ഏതു വർഷംവരെയുള്ള കണക്കുകൾ ഓഡിറ്റു ചെയ്തിട്ടുണ്ട്;

(ഡി) നിശ്ചിത തീയതിക്കകം ഏതെങ്കിലും വർഷത്തെ കണക്കുകൾ ഓഡിറ്റിനുവേണ്ടി സമർപ്പിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്;

(ഇ) ഈ കണക്കുകൾ അടിയന്തിരമായി ഓഡിറ്റ് ചെയ്യിക്കുവാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണക്കുകൾ ഓഡിറ്റിനു ഹാജരാക്കേണ്ട അവസാന തീയതി ഓരോ സാമ്പത്തിക വർഷവും കഴിഞ്ഞ് നാലു മാസത്തിനകമാണ്.

(ബി) കണക്കുകൾ ലഭിച്ച് ആറു മാസത്തിനകം ആണ് ഓഡിറ്റ് ചെയ്യേണ്ടത്.

(സി) വിശദാംശം ഇപ്പോൾ ലഭ്യമല്ല.

(ഡി) ഉണ്ട്. ജനകീയാസൂത്രണ പദ്ധതിമൂലം വർദ്ധിച്ച ജോലിഭാരവും ജീവനക്കാരുടെ അപര്യാപ്തതയുമാണ് ആഡിറ്റിന് കണക്കുകൾ യഥാസമയം നൽകാൻ കഴിയാത്തതിനുള്ള മുഖ്യമായ കാരണം.

(ഇ) കണക്കുകൾ ലഭിച്ചവ നിയമാനുസൃതമായ കാലപരിധിക്കു ള്ളിൽ ഓഡിറ്റു ചെയ്യുവാൻ നടപടി എടുത്തിട്ടുണ്ട്.

342 (1535) വാർഡ് വിഭജനം സംബന്ധിച്ച പരാതികൾ

ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ വാർഡ് വിഭജനം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ചിട്ടു ള്ളത്?

ഉത്തരം

(എ) 7980 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) കോട്ടയം ജില്ല (844 എണ്ണം)

343 (1536) പുതിയ പഞ്ചായത്ത് മന്ദിരങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നശേഷം ജില്ല/ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്കായി എത്ര പുതിയ മന്ദി രങ്ങൾ പണി തീർത്തിട്ടുണ്ട്;

(ബി) ഓരോന്നിനും ചെലവായ തുക ജില്ല തിരിച്ച് വെളിപ്പെടു ത്തുമോ;

(സി) ഫർണിഷിംഗ്, കമ്പ്യൂട്ടറൈസേഷൻ, മറ്റ് ഓഫീസ് സൗകര്യ ങ്ങൾ എന്നിവയ്ക്കുവേണ്ടി ചെലവഴിച്ച തുക എത്ര എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly